# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 10/2022
# 14.01.2023 എ.കെ.ജി.സി.ടി. ഭവൻ

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. ജില്ലാറിപ്പോർട്ട്
4. സമ്മേളനങ്ങൾ
5. ഐഫെക്ടോ അക്കാദമിക് കോൺഫറൻസ്
6. ആവശ്യമായ മറ്റ് കാര്യങ്ങൾ

**ഹാജർ**

ഡോ. പി. പി. പ്രകാശൻ, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ.എൻ. മനോജ്,സന്തോഷ് ടി. വർഗീസ്, ഡോ.ഗീതാനമ്പ്യാർ എം .കെ., ഡോ. എം. എസ്. മുരളി, ശശി.സി.ടി,ഡോ. പ്രിൻസ് പി. ആർ., ഡോ. ആർ. പ്രഗാഷ്., ഡോ. സുമി യി ഓലിയപുറം, ഡോ. സഞ്ജയ് കുമാർ എസ്., ഡോ. ടി. എ. ആനന്ദ്, ഡോ.ദിനേശ് കുമാർ,ഡോ. സെനോ ജോസ്, ഡോ.ആനന്ദ് ദിലീപ് രാജ്,ഡോ.കെ. മാണിക്യരാജ്, ഡോ. എ. ബാലകൃഷ്ണൻ, ഡോ. രഞ്ജിത് മോഹൻ പി., അനൂപ് ജെ ആലക്കപ്പള്ളി, ആൽബർട്ട് ആന്റണി ടി., രജിത സി. ആർ., ഡോ.എം.എ.അസ്കർ, എം. സി. രാജു, സജിത്കുമാർ പി, സൗമ്യ.എസ്, ഡോ. ഷാനവാസ് പി.എച്ച്, ഡോ. ഗായത്രിദേവി, ഡോ. സുനിൽ വി.ടി., ഡോ. ജയരാജ് ജെ., സുശാന്ത് പി., ഡോ. അശോക് ബി, ഡോ. റോസ്നിക്സ് പി. കെ., ഡോ. സുനിതാ ഗണേഷ്, ഡോ. മഞ്ജുള കെ. പി., ഡോ. ബേബി ഷീബ സി. പി., ഡോ. ചന്ദ്രമോഹൻ കെ. ടി., ഡോ. ജിനേഷ് പി. എസ്.

രാവിലെ 10ന് എ.കെ.ജി.സി.ടി ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. പി. പി. പ്രകാശൻ ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ്.ടി റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് സന്തോഷ് ടി. വർഗ്ഗീസ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

പോപ്പ് എമിറൈറ്റ്സ് പതിനാറാമൻ, ഫുട്ബോൾ ഇതിഹാസം പെലെ, പ്രശ്സ്ത ശാസ്ത്രജ്ഞനും സി.എസ്. ഐ.ആർ മുൻ ഡയറക്ടറുമായ ഡോ.എ.ഡി.ദാമോദരൻ, തിരക്കഥാകൃത്തും ഗാനരചയിതാവുമായ ബിയാർ പ്രസാദ്, മനുഷ്യാവകാശ പ്രവർത്തകൻ കെ. പി. ശശി എന്നിവരുടെ നിര്യാണത്തിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമിതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച വിഷയത്തിൽ സംഘടനയുടെ നിരന്തരമായ ഇടപെടലുകളെത്തുടർന്ന് കോഴ്സ് സംബന്ധിച്ച വിഷയത്തിലും, ജേർണൽ വിഷയത്തിലും അധ്യാപകർക്ക് അനുകൂലമായ ഉത്തരവ് ഉന്നതവിദ്യാഭ്യാസ വകുപ്പിനെക്കൊണ്ട് ഇറക്കിക്കുവാൻ സാധിച്ചു. കോളേജ് വിദ്യാഭ്യാസ വകുപ്പ് സെലക്ഷൻ കമ്മറ്റി അംഗീകരിച്ച പ്രിൻസിപ്പൽമാരുടെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ പരാതി ഉള്ളവർ എത്രയും വേഗം പ്രിൻസിപ്പൽ മുഖാന്തിരം അപേക്ഷ നൽകണം അത്തരം അപേക്ഷകൾ വളരെ സുതാര്യമായി

അപ്പീൽ കമ്മറ്റി പരിശോധിച്ച് തീരുമാനമെടുക്കുന്നതിൽ സംഘടന വേണ്ട ഇടപെടൽ നടത്തും.

പുതുതായി പ്ലെയ്സ് മെന്റിനുള്ള അപേക്ഷ ഉടൻ വിളിക്കുന്നതാണ്. ബി. ഓപ്ഷൻ അനുസരിച്ചുള്ള അസോസിയേറ്റ് പ്രൊഫസർമാരുടെ ഉത്തരവ് ഉടനെ പുറത്തിറങ്ങുന്നതും, പരാതി ഉള്ളവർക്ക് അവ പരിഹരിക്കാൻ അവസരവും ഉണ്ടാവുന്നതാണ്. കോളേജ് അധ്യാപകരുടെ 2023-24 വർഷത്തെ പൊതു സ്ഥലംമാറ്റനടപടികൾ എത്രയും വേഗം നാളിതുവരെ നടന്ന രീതിയിൽ ആരംഭിക്കുന്നതിനു വേണ്ട ഇടപെടൽ സംഘടന നടത്തി വരുന്നു.പുതുക്കിയ മാനദണ്ഡം സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് സംഘടനകളുമായി ഫെബ്രുവരി 3ന് ചർച്ച നടത്തുന്നതാണ്. 1/01/2016 ന് മുൻപുള്ള അധ്യാപകരുടെ പ്രൊമോഷൻ, അറബിക് അധ്യാപകരുടെ സർവീസ് വിഷയം, മ്യൂസിക് കോളേജ് അധ്യാപകരുടെ യുജിസി, ഡി.എ കുടിശ്ശിക എന്നിവ സംബന്ധിച്ച വിഷയങ്ങളിലും സജീവ ഇടപെടൽ നടന്നുവരുന്നു.

ജനുവരി 16ന് എറണാകുളത്ത് നടക്കുന്ന എഫ്.എസ്.ഇ.ടി.ഒ കൺവെൻഷനിൽ സംഘടനയുടെ മതിയായ പ്രാതിനിധ്യം ഉറപ്പാക്കും.യു.ജി.സി റഗുലേഷന്റെ അധികാര പരിധിസംബന്ധിച്ച് കോടതിയിൽ നിന്നും കൃത്യമായ ഉത്തരവ് നേടുന്നതിനായി സംഘടന നിയമ പോരാട്ടം നടത്തേണ്ടതുണ്ട്. കരിക്കുലം കമ്മറ്റി പുനസംഘടനയെ വളരെ ജാഗ്രതയോടെ കാണണം. സംഘടനയുടെ സമ്മേളനങ്ങൾ സംബന്ധിച്ചും, മാർച്ച് മാസം ഹരിയാനയിൽ ചേരുന്ന ഐഫെക്ടോ അക്കാദമിക് കോൺഫറൻസിലെ പ്രാതിനിധ്യം സംബന്ധിച്ച വിഷയങ്ങളിലും വിശദമായ ചർച്ചയും തീരുമാനങ്ങളുമുണ്ടാവേണ്ടതുണ്ട്.

ജനറൽസെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിൻമേലും മറ്റു വിഷയങ്ങളിലും സംസ്ഥാനപ്രവർത്തകസമിതിഅംഗങ്ങൾ വിശദമായ ചർച്ച നടത്തി. തുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. സംസ്ഥാന സമ്മേളനത്തിനോടനുബന്ധിച്ച് സംഘശബ്ദം സാഹിത്യമത്സരം നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ എഡിറ്ററെ ചുമതലപ്പെടുത്തി.
2. യൂണിറ്റുസമ്മേളനങ്ങൾ ജനുവരി മാസത്തിനുള്ളിലും, ജില്ലാ സമ്മേളനങ്ങൾ ഫെബ്രുവരിയിലും പൂർത്തീകരിക്കുവാൻ തീരുമാനിച്ചു.സംസ്ഥാന സമ്മേളനം മാർച്ച് 24, 25, 26 തീയ്യതികളിൽ കോട്ടയത്ത് വെച്ച് നടത്താൻ തീരുമാനിച്ചു.
3. ജില്ലാ സമ്മേളനത്തിൽ പങ്കെടുക്കുവാൻ താഴെ പറയും പ്രകാരം സംസ്ഥാനസമിതി അംഗങ്ങൾക്ക് ചുമതല നൽകി –

   തിരുവനന്തപുരം - ഡോ. മുഹമ്മദ് റഫീഖ്.ടി.<br>
   കൊല്ലം - ഡോ. ഗീതാനമ്പ്യാർ എം. കെ.<br>
   കോട്ടയം - ഡോ. എൻ. മനോജ്<br>
   ഇടുക്കി - ഡോ. വിനു ഭാസ്കർ<br>
   എറണാകുളം - ഡോ.മുഹമ്മദ് റഫീഖ് .ടി<br>
   തൃശൂർ - ശശി സി. ടി.,<br>
   പാലക്കാട് - ഡോ. എൻ. മനോജ്<br>
   മലപ്പുറം - ഡോ. എം. എസ്.മുരളി<br>
   കോഴിക്കോട് - ഡോ. പി.പി.പ്രകാശൻ<br>
   വയനാട് - ഡോ. പി. പി. പ്രകാശൻ<br>
   കണ്ണൂർ - സന്തോഷ് ടി. വർഗ്ഗീസ്<br>
   കാസർഗോഡ് - രഘുദാസ് പി. വി.
4. സമ്മേളന ഫണ്ടായി അംഗങ്ങളിൽ നിന്നും 1500 രൂപാ സമാഹരിക്കുവാൻ തീരുമാനിച്ചു.

5. 2023 മാർച്ച് 17,18,19 തീയ്യതികളിൽ ഹരിയാനയിലെ കുരുക്ഷേത്ര യൂണിവേഴ്സിറ്റിയിൽ വെച്ച്നടക്കുന്ന ഐഫെക്ടോ അക്കാദമിക് കോൺഫറൻസിൽ 15 പേർ സംഘടനയെ പ്രതിനിധീകരിച്ച് പങ്കെടുക്കും.
6. കേന്ദ്ര സർക്കാർ രാജ്യത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടത്തിവരുന്ന പ്രതിലോമകരമായ നടപടികൾക്കെതിരെ ഫെബ്രുവരി 14ന് ദേശവ്യാപകമായി നടക്കുന്ന പ്രതിഷേധ പരിപാടി വിജയിപ്പിക്കുവാൻ തീരുമാനിച്ചു.
7. കരിക്കുലം പരിഷ്കരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ സജീവ ഇടപെടൽ നടത്തും.
8. 01/01/2016 ന് മുൻപുള്ള അധ്യാപകരുടെ പ്രൊമോഷൻ, അറബിക് അധ്യാപകരുടെ സർവീസ് വിഷയം, മ്യൂസിക് കോളേജ് അധ്യാപകരുടെ യു.ജി.സി, ഡി.എ കുടിശ്ശിക, പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ് എന്നിവ സംബന്ധിച്ച വിഷയങ്ങളിൽ സജീവ ഇടപെടൽ നടത്തുന്നതാണ്.
9. ഫിസിക്കൽ എഡ്യുക്കേഷൻ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന അലവൻസ് കാലോചിതമായി പരിഷ്കരിക്കാൻ സംഘടന ഇടപെടും.
10. എത്രയും വേഗം അധ്യാപരുടെ പുതിയ പ്രൊമോഷൻ സർക്കുലർ, അധ്യാപകരുടെ 2023-24 വർഷത്തെ പൊതുസ്ഥലംമാറ്റ സർക്കുലർ എന്നിവ പുറത്തിറക്കുവാൻ വേണ്ട ഇടപെടൽ നടത്തും.

യോഗം വൈകിട്ട് 4 മണിക്ക് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
14-01-2023

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി